മംഗളം

27 June 2018

# മത്തിയുടെ ലഭ്യത കൂടി; അയല കുറഞ്ഞു

## ● കേരളത്തിൽ സമുദ്ര മത്സ്യോൽപാദനം 12 % വർധിച്ചു

■ സ്വന്തം ലേഖിക

കൊച്ചി

കേരള തീരത്ത് മത്തിയുടെ ലഭ്യത മൂന്നിരട്ടി കൂടി. സംസ്ഥാനത്തിന്റെ സമുദ്രമത്സ്യലഭ്യതയിൽ 12 ശതമാനം വർധനയുണ്ടായതായും കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ (സി.എം.എഫ്.ആർ.ഐ) വാർഷിക പഠന റിപ്പോർട്ട് പറയുന്നു. സംസ്ഥാനത്തെ സമുദ്ര മത്സ്യോൽപാദനം തിരിച്ചുവരവിന്റ പാതയിലാണെന്നു സൂചിപ്പിക്കുന്നതാണു സി.എം.എഫ്.ആർ.ഐയുടെ കണക്കുകൾ.

കുറച്ചു വർഷങ്ങളായി കേരളത്തിൽ മത്തിയുടെ ലഭ്യതയിൽ വൻ ഇടിവുണ്ടായിരുന്നു. ഇക്കുറി മുൻ വർഷത്തെ അപേക്ഷിച്ച് മത്തി 176 ശതമാനം വർധിച്ചപ്പോൾ അയലയുടെ ലഭ്യതയിൽ 29 ശതമാനം കുറവുണ്ടായി. കഴിഞ്ഞ വർഷം ഇന്ത്യൻ തീരങ്ങളിൽനിന്നു പിടിച്ച മീനുകളുടെ കണക്കാണു സി.എം.എഫ്.ആർ.ഐ. പുറത്തുവിട്ടത്.



● സി.എം.എഫ്.ആർ.ഐ. ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ പത്രസമ്മേളനത്തിൽ



### പിടിച്ചത് 5.85 ലക്ഷം ടൺ മത്സ്യം

കഴിഞ്ഞ വർഷം 5.85 ലക്ഷം ടൺ മത്സ്യമാണു കേരളത്തിന്റെ തീരങ്ങളിൽ നിന്നു പിടിച്ചത്. ഏറ്റവും കൂടുതൽ ലഭിച്ച മത്സ്യം മത്തിയാണ്-1.7 ലക്ഷം ടൺ. 2016-ൽ മത്തിയുടെ ലഭ്യത 45,000 ടൺ മാത്രമായിരുന്നു. 2012-നുശേഷം ആദ്യമാണു മത്തിയുടെ ലഭ്യതയിൽ ഇത്രയും വർധനയുണ്ടാകുന്നത്. അതേസമയം ആന്ധ്രയിലും തമിഴ്നാട്ടിലും മത്തിയുടെ ലഭ്യതയിൽ വൻ കുറവുണ്ടായി. ദേശീയ തലത്തിൽ മത്തിയുടെ ലഭ്യത 38 ശതമാനവും വർധിച്ചിട്ടുണ്ട്.

### മത്സ്യലഭ്യതയിൽ കേരളത്തിന് മൂന്നാം സ്ഥാനം

മത്തിയുടെ തിരിച്ചുവരവോടെ ദേശീയതലത്തിൽ മത്സ്യലഭ്യതയിൽ കേരളം മൂന്നാം സ്ഥാനത്തേക്ക് ഉയർന്നു. കഴിഞ്ഞ തവണ നാലാം സ്ഥാനത്തായിരുന്നു. ഗുജറാത്താണു തുടർച്ചയായ അഞ്ചാം തവണയും ഒന്നാം സ്ഥാനത്ത്. തമിഴ്നാടാണു രണ്ടാമതും. മത്തി, ചെമ്മീൻ, തിരിയാൻ, കണവ വിഭാഗങ്ങൾ, കിളിമീൻ എന്നിവയാണു കഴിഞ്ഞവർഷം കേരളത്തിൽ ഏറ്റവും കൂടുതൽ ലഭിച്ച അഞ്ചു മത്സ്യയിനങ്ങൾ.

അയല, നെയ്മീൻ, മാന്തൽ, കൊഴുവ, ചെമ്പല്ലി എന്നിവയാണു മുൻ വർഷത്തേക്കാൾ കുറഞ്ഞ മത്സ്യങ്ങൾ. ദേശീയ തലത്തിലും സമുദ്രമത്സ്യ ലഭ്യതയിൽ വർധനയുണ്ടായിട്ടുണ്ട്. 38.3 ലക്ഷം ടൺ സമുദ്രമത്സ്യമാണു ഇത്തവണ ഇന്ത്യയിൽ ആകെ ലഭിച്ചത്. 2012 നുശേഷമുള്ള ഏറ്റവും വലിയ അളവാണിത്.

### വിറ്റഴിച്ചത് 52,431 കോടിയുടെ മത്സ്യം

കഴിഞ്ഞ വർഷം രാജ്യത്തെ ലാൻഡിങ് സെന്ററുകളിൽ വിറ്റഴിക്കപ്പെട്ടത് 52,431 കോടി രൂപയുടെ മത്സ്യമാണ്. മുൻ വർഷത്തേക്കാൾ 8.4 ശതമാണു വർധന. ചില്ലറ വ്യാപാര കേന്ദ്രങ്ങളിൽ 78,408 കോടി രൂപയുടെ മീനാണു വിറ്റഴിച്ചത്.

ലാൻഡിങ് സെന്ററുകളിൽ ഒരു കിലോ മീനിന് ശരാശരി വില 137 രൂപയും ചില്ലറ വ്യാപാരത്തിൽ 204 രൂപയും ലഭിച്ചു. ഇന്ത്യയുടെ ചരിത്രത്തിലെ രണ്ടാമത്തെ ഏറ്റവും മികച്ച സമുദ്രമത്സ്യോൽപാദനമാണു ഇത്തവണ ഉണ്ടായതെന്നു സി.എം.എഫ്.ആർ.ഐ. ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ പറഞ്ഞു.

### ഓഖി: മത്സ്യമേഖലയ്ക്ക് 1406 കോടിയുടെ നഷ്ടം

കൊച്ചി: കഴിഞ്ഞ വർഷം അവസാനം വീശിയടിച്ച ഓഖി ചുഴലിക്കാറ്റിൽ കേരളത്തിന്റെ മത്സ്യമേഖലയ്ക്ക് 1406 കോടിയുടെ നഷ്ടം. കഴിഞ്ഞ ഡിസംബറിലുണ്ടായ ഓഖി മൂലം സംസ്ഥാനത്തെ മത്സ്യലഭ്യതയിൽ 35,000 ടണ്ണോളം കുറവുണ്ടായി. ലാൻഡിംഗ് സെന്ററുകളിൽ 585 കോടി രൂപയുടെയും ചില്ലറ വ്യാപാരത്തിൽ 821 കോടിയുടെയും സാമ്പത്തിക നഷ്ടമുണ്ടായി. തമിഴ്നാട്ടിലും മത്സ്യലഭ്യതയിൽ വൻ ഇടിവുണ്ടായതായി സി.എം.എഫ്.ആർ.ഐയുടെ കണക്കുകൾ വ്യക്തമാക്കുന്നു.

ചെറുമീനുകളെ പിടിക്കുന്നത് അടക്കമുള്ള മത്സ്യബന്ധന നിയന്ത്രണങ്ങൾ കേരളത്തിലും മറ്റു സംസ്ഥാനങ്ങളിലും മത്സ്യലഭ്യത കൂടാൻ കാരണമായിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.



സി.എം.എഫ്.ആർ.ഐയിലെ ഫിഷറി റിസോഴ്സസ് അസസ്മെന്റ് വിഭാഗമാണു കണക്കുകൾ തയാറാക്കിയത്. വകുപ്പ് മേധാവി ഡോ. ടി.വി. സത്യാനന്ദൻ പഠനഫലങ്ങൾ വിശദീകരിച്ചു.

പത്രസമ്മേളനത്തിൽ ഡോ. സുനിൽ മുഹമ്മദ്, ഡോ. ജി. മഹേശ്വരുഡു, ഡോ. പി.യു. സക്കറിയ, ഡോ. ഇ.എം. അബ്ദുസമദ്, ഡോ. സി. രാമചന്ദ്രൻ എന്നിവരും പങ്കെടുത്തു.